പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:104 11/06/2012 - ൽ മറുപടിക്ക്

ഭവന രഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) കേരളത്തിൽ നിലവിൽ ഭവന രഹിതരായ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളാണുള്ളതെന്ന് ജില്ല തിരിച്ച് വിശദാംശങ്ങൾ അറിയിക്കുമോ; | (എ) കേരളത്തിലെ 9 തീരദേശ ജില്ലകളിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റിന്റെ റിപ്പോർട്ടു പ്രകാരം ഭവനരഹിതരായി 29,109 കുടുംബങ്ങൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 7307 |
| കൊല്ലം | 407 |
| ആലപ്പുഴ | 4990 |
| എറണാകുളം | 2438 |
| തൃശ്ശൂർ | 2773 |
| കോഴിക്കോട് | 4011 |
| മലപ്പുറം | 4317 |
| കണ്ണൂർ | 1265 |
| കാസർഗോഡ് | 1601 |
| ആകെ | 29109 |

| | |
|---|---|
| (ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഭവന രഹിതരായ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ 650 അപേക്ഷകളാണ് ഭവന ധനസഹായത്തിനായി ലഭിച്ചിട്ടുള്ളത്. |

| | |
|---|---|
| (സി) ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് ഫിഷറീസ് വകുപ്പിൽ എന്തെല്ലാം പദ്ധതികളാണ് നിലവിൽ ഉള്ളതെന്ന് വിശദമാക്കുമോ; 2012-13 സാമ്പത്തിക വർഷം എന്ത് തുകയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) ഭവന രഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടു നിർമ്മിച്ചു നൽകുന്നതിനായി രണ്ടു ലക്ഷം രൂപ വീതം 500 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകുന്ന പദ്ധതിക്ക് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ചെലവ് 2012-13 സാമ്പത്തിക വർഷത്തിൽ മാത്രമേ നിർവ്വഹിക്കാനാവൂ എന്ന് ഉത്തരവായിട്ടുണ്ട്.<br>ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീടു നിർമ്മിക്കുന്നതിലേയ്ക്കായി NFWF പദ്ധതി പ്രകാരം വീടൊന്നിന് 50,000 രൂപ വീതം 2012-13 ബഡ്ജറ്റിൽ 4 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>2012-13 സാമ്പത്തിക വർഷത്തിൽ വീടൊന്നിന് രണ്ടു ലക്ഷം രൂപ നിരക്കിൽ 800 വീട് അനുവദിക്കുന്നതിന് 16 കോടി രൂപ ആവശ്യമാണ്. അധികമായി 12 കോടി രൂപ കൂടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മാതൃകാ മത്സ്യഗ്രാമപദ്ധതിയിൽ 11 മത്സ്യഗ്രാമങ്ങളിൽ 3100 വീട് നിർമ്മിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ